**ഭരണഭാഷ .... മാതൃഭാഷ**

**സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ: ഷീബ ജോർജ്ജ് IAS)**

തിരുവനന്തപുരം

ഉത്തരവ് നം:ഇ5/9051/19 തീയതി : 25/9/2019

---

വിഷയം: സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം – ശ്രീ.അരുൺരാജ്.എസ്.ഡി, ക്ലാർക്ക്, സാമൂഹ്യനീതി ഡയറക്ടറേറ്റ് - അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: സ്പാർക്ക്, ബിംസ് റസീപ്റ്റ് രേഖകളിൽ തിരുത്തൽ വരുത്തി തയ്യാറാക്കിയതായി കണ്ടെത്തിയ 2019 ജൂലൈ മാസത്തെ വ്യാജ പേ സ്ലിപ്പ്.

സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിയ്ക്കുന്ന ശ്രീ അരുൺരാജ്.എസ്.ഡി, ഈ കാര്യാലയത്തിൽ കരാറടിസ്ഥാനത്തിൽ എടുത്തിട്ടുള്ള വാഹനത്തിന്റെ ഡ്രൈവറായ ശ്രീ. വി.പി. ശ്രീജേഷുമായി ചേർന്ന് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിയ്ക്കുന്ന ശ്രീ ചന്ദ്രബാബുവിന്റെ (PEN – 212096) സ്പാർക്ക് പേ സ്ലിപ്പിൽ തിരുത്തൽ വരുത്തി വ്യാജരേഖ ചമച്ച് ശ്രീ വി.പി ശ്രീജേഷിന്റെ പേരിൽ 2019 ജൂലൈ മാസത്തെ വ്യാജ പേ സ്ലിപ്പ് സൃഷ്ടിച്ചതായി കണ്ടെത്തിയിരുന്നു. പ്രാഥമിക അന്വേഷണത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിയ്ക്കുന്ന ശ്രീ. അരുൺരാജ്. എസ്.ഡി ഔദ്യോഗിക ആവശ്യത്തിനായി നൽകിയിട്ടുള്ള തന്റെ ഔദ്യോഗിക കമ്പ്യൂട്ടറിൽ നിന്നുമാണ് ഇത്തരത്തിൽ വ്യാജരേഖ സൃഷ്ടിച്ചിട്ടുള്ളതെന്ന് പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചതിൽ ബിംസ് റസീപ്റ്റിലും തിരുത്തൽ വരുത്തി വ്യാജരേഖ സൃഷ്ടിച്ചതായി കാണാൻ കഴിഞ്ഞു.

സർക്കാരിന്റെ ഔദ്യോഗിക സംവിധാനത്തിലൂടെ ലഭിയ്ക്കുന്ന സ്പാർക്ക് രേഖകളിൽ തിരിമറി നടത്തി വ്യാജരേഖ സൃഷ്ടിച്ചിട്ടുള്ളതായി പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ വിശദമായ തുടർ അന്വേഷണങ്ങൾ ഇക്കാര്യത്തിൽ ആവശ്യമായിട്ടുമുണ്ട്.

ഈ സാഹചര്യത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിയ്ക്കുന്ന ശ്രീ അരുൺരാജ്.എസ്.ഡി യ്ക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിയ്ക്കുന്നതിന്റെ മുന്നോടിയായി അന്വേഷണ വിധേയമായി KCS & CCA ചട്ടം 10 (a) പ്രകാരം ഉടൻ പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

സസ്പെൻഡ് ചെയ്യപ്പെട്ട ശ്രീ അരുൺരാജ്. എസ്.ഡി യ്ക്ക് KSR ഭാഗം I ചട്ടം 55 പ്രകാരം അനുവദനീയമായ ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

സാമൂഹ്യനീതി ഡയറക്ടർ

ശ്രീ അരുൺരാജ്. എസ്.ഡി,
ക്ലാർക്ക്, (ഉത്തരവിന്റെ രണ്ട് പ്രതി നൽകുന്നു. ഒരു പ്രതിയിൽ തീയതി
വച്ച് ഒപ്പ് രേഖപ്പെടുത്തി മടക്കി നൽകേണ്ടതാണ്):

പകർപ്പ്

1. സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് (ആമുഖ കത്ത് സഹിതം)
2. സീനിയർ ഫിനാൻസ് ഓഫീസർ/ ലാ ഓഫീസർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്
3. സൂപ്രണ്ട്, അക്കൗണ്ട്സ് സെക്ഷൻ/ ബിൽ സെക്ഷൻ/ആഡിറ്റ് സെക്ഷൻ
4. സൂപ്രണ്ട് ഐറ്റി സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
5. സാമൂഹ്യനീതി ഡയറക്ടറുടെ സി.എ യ്ക്ക്
6. സ്റ്റോക്ക് ഫയൽ/ സ്പെയർ